

Goodword

മൗലാനാ
വഹീദുദ്ദീൻ ഖാൻ

# ദൈവ സങ്കല്പം

വിവർത്തനം:
ഡോ. എൻ കെ മുസ്തഫ കമാൽ പാഷ

# ദൈവ സങ്കല്പം

ദൈവ സങ്കല്പം

**Maulana**
**Wahiduddin Khan's**

**Daiva sankalpam** (Malayalam Translation)

**The Concept of God** (English Original)

**Translated by: Dr. N K Musthafa Kamal Pasha M A, Ph D**

**All rights reserved**

**Publishers: Goodword Books Kerala**
**S M Street,**
**Calicut-1**
**Phone: 8129538666**
**Email: Keralagoodword@gmail.com**
**Web: www.Keralagoodword.com**

**Type, Layout and Cover: Shily-93 88 704 101**

**Printed @:**

**First Published: November 2016**

**Copies: 1000**

**Price: Rs. 40**

മൗലാനാ

# വഹീദുദ്ദീൻ ഖാൻ

# ദൈവ സങ്കല്പം

വിവർത്തനം:

ഡോ. എൻ കെ മുസ്തഫ കമാൽ പാഷ

**Goodword Books Kerala**

## പ്രസാധകക്കുറിപ്പ്

**ആ**ധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിക അധ്യാപനങ്ങളെ അവതരിപ്പിക്കേണ്ട വർത്തമാന കാലഘട്ടത്തിന്റെ ദൗത്യമാണ് വിശ്വപ്രസിദ്ധ ഇസ്‌ലാമിക ചിന്തകനായ മൗലാനാ വഹീദുദ്ദീൻ ഖാൻ നിർവ്വഹിച്ചത്. പ്രവാചക ജീവിതം, ആത്മീയത, സമാധാനം എന്നിവയെ ആധാരമാക്കി ഇരുനൂറിലധികം കൃതികൾ മൗലാന രചിച്ചിട്ടുണ്ട്. അദ്ദേഹം സ്ഥാപിച്ച CPS International ഇസ്‌ലാമിനെ സമ്പൂർണ്ണ സമാധാന തത്വസംഹിതയായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയും സമാധാനം, ആത്മീയത എന്നിവയെക്കുറിച്ച് ഏതൊരു വ്യക്തിക്കും അവബോധം നല്കുകയും ചെയ്യുന്നു.

സ്രഷ്ടാവിൽ കേന്ദ്രീകൃത ജീവിതം നയിച്ചുകൊണ്ട് ആത്മീയതയിലൂടെ സ്വയം മാറുക; എങ്കിൽ, ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം നിരന്തരം ഉപദേശിക്കുന്നു. ആഗോള സമാധാനത്തിനും ഐക്യത്തിനും വേണ്ടി ആത്മീയതയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിലെ ഓരോ ഭവനങ്ങളിലും എത്തിക്കണമെന്നാണ് മൗലാനയുടെ വീക്ഷണം. ആ ദൗത്യം ഏറ്റെടുത്തുകൊണ്ട് മൗലാനയുടെ മുഴുവൻ കൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയാണ് ഞങ്ങൾ. ബഹുമത സംസ്കാരങ്ങളുടെ ഭൂമികയായ ഇന്ത്യയിൽ, “ഒന്നിനെ പിന്തുടരുക, മറ്റെല്ലാത്തിനെയും ബഹുമാനിക്കുക.” എന്ന പരസ്പര സഹവർത്തിത്വത്തിന്റെ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ഞങ്ങളുടെ പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഡയരക്ടർ
ഗുഡ് വേഡ് ബുക്സ് കേരള.

# മൗലാനാ വഹീദുദ്ദീൻ ഖാൻ

**1925** ആണ്ടിൽ ഉത്തരപ്രദേശിലെ അസംഗറിലായിരുന്നു മൗലാനാ വഹീദുദ്ദീൻ ഖാന്റെ ജനനം. അദ്ദേഹത്തിന്റെ നാലാം വയസ്സിൽ പിതാവ് ഫരീദുദ്ദീൻഖാൻ മരിച്ചു. മാതാവ് സൈബുന്നിസാ ഖാത്തൂന്റെ സംരക്ഷണത്തിലായിരുന്നു മൗലാന വളർന്നത്. വിദ്യാഭ്യാസത്തിനുള്ള സൗകര്യം നല്കിയിരുന്നത് അമ്മാവൻ സൂഫീ അബ്ദുൽ ഹമീദ് ഖാൻ ആയിരുന്നു.

മൗലാനയുടെ കുടുംബത്തിലെ മറ്റ് അംഗങ്ങൾ പാശ്ചാത്യ വിദ്യാഭ്യാസം തിരഞ്ഞെടുത്തപ്പോൾ 1938 ആണ്ടിൽ അസംഗറിലെ മദറസത്തുൽ ഇസ്‌ലാഹിയയിൽ പരമ്പരാഗത മത വിദ്യാഭ്യാസത്തിന് വേണ്ടി മൗലാന ചേർന്നു. 1944 ആണ്ടിൽ മത വിദ്യാഭ്യാസത്തിൽ ബിരുദവും കരസ്ഥമാക്കി.

ഇസ്‌ലാമിക പ്രമാണമായ വിശുദ്ധ ഖുർ,ആനിലെ "എല്ലാ പ്രയാസങ്ങളുടെയും കൂടെ സൗകര്യവുമുണ്ട്" എന്ന സൂക്തം ഇസ്‌ലാമിന്റെ കേന്ദ്ര തത്വമായിട്ട് താൻ കണ്ടെത്തിയെന്ന് മൗലാനാ പറഞ്ഞു. ഒന്നുകിൽ നമുക്ക് പ്രശ്നങ്ങളിൽ കേന്ദ്രീകൃതമാവാം. അല്ലെങ്കിൽ സൗകര്യങ്ങളിൽ കേന്ദ്രീകൃതമാവാം.

ആ ഖുർ,ആനിക സൂക്തത്തിന്റെ പരിപ്രേക്ഷ്യത്തിൽ അദ്ദേഹം ഒരു ജീവിത ഫോർമ്മുല മെനഞ്ഞെടുത്തു– 'പ്രശ്നങ്ങളെ അവഗണിക്കുക, സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുക.' തന്റെ മുഴു ജീവിതവും ആ സൂക്തത്തിന്റെ സാക്ഷ്യ പത്രമാണെന്ന് അദ്ദേഹം പറയാറുണ്ട്.

മൗലാനയുടെ, പഠിക്കാനുള്ള ഉൽക്കടമായ ആഗ്രഹം കുട്ടിക്കാലത്ത് ആരംഭിച്ചു. ഇപ്പോഴും അനുസ്യൂതം തുടരുന്നു. അമ്മാ

വൻ കാരണമായിട്ടാണ് മദറസയിൽ ചേർന്നതെങ്കിലും ഗവേഷണം ആരംഭിച്ചത് മൗലാനയുടെ യൗവ്വന കാലത്തെ സമകാലികരുമായുള്ള സംഭാഷണം മുഖേനെയായിരുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ വിചാരിച്ചത് എന്റെ വിദ്യാഭ്യാസം പൂർണ്ണമായിട്ടുണ്ടെന്നായിരുന്നു. ഉയർന്ന വിദ്യാസമ്പന്നരായ വ്യക്തികളോട് ആശയ വിനിമയം നടത്തിയപ്പോൾ ഞാൻ അഗാധമായ തിരിച്ചറിവിന് പാത്രീഭൂതനായി. മത വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും ഇസ്‌ലാമിന്റെ പ്രസക്തിയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഞാൻ അശക്തനാണ്. ഉത്തരങ്ങൾ കണ്ടെത്താൻ വേണ്ടി വീണ്ടുമൊരു പുനർവ്വായന ആരംഭിച്ചു. കേവല പരിഭാഷകളിൽ നിന്നും അതിന്റെ വിശദീകരണങ്ങളിൽ നിന്നും അകന്ന് ഇസ്‌ലാമിന്റെ പ്രമാണിക പഠനങ്ങൾ അതിന്റെ തനത് ഭാഷയായ അറബിയിൽ നിന്ന് വായിക്കുകയും ശേഷം ഗഹനമായ വിചിന്തനത്തിനുവേണ്ടി ജീവിതത്തിന്റെ ഗണ്യമായ സമയം മാറ്റിവെക്കുകയും ചെയ്തു. അങ്ങനെ ഞാൻ ഇസ്‌ലാമിക വിശ്വാസത്തെ വീണ്ടും കണ്ടെത്തുകയായിരുന്നു.

എനിക്ക് ഇസ്‌ലാമിക വിശ്വാസം പരമ്പരാഗത സംസ്കാരത്തിന്റെ ഭാഗമായി ലഭിച്ചതായിരുന്നു. എന്നാൽ ഗാഢമായ പുനർപഠനത്തിന് ശേഷം പൂർണ്ണ അവബോധത്തോടെ തിരഞ്ഞെടുത്തതായിരുന്നു വിശ്വാസം. വീണ്ടും പുതുതായ് ജനിച്ച അനുഭവം പോലെ. ഇസ്‌ലാമിനെ അതിന്റെ യഥാർത്ഥ ഉറവിടത്തിൽ നിന്ന് കണ്ടെത്തിയതിന് ശേഷം ഞാൻ തിരിച്ചറിഞ്ഞത്, ഇസ്‌ലാം ആധുനിക യുഗത്തിൽ ഏറെ പ്രസക്തമാണെന്നാണ്."

മൗലാന സ്വപ്രയത്നങ്ങളാൽ ഇംഗ്ലീഷ് ഭാഷയിൽ അഗാധ പ്രാവീണ്യം നേടിക്കൊണ്ട് പാശ്ചാത്യ എഴുത്തുകാരുടെയും തത്വചിന്തകരുടെയും മഹത്തായ ഗ്രന്ഥങ്ങൾ ഗാഢമായ പഠനത്തിന് വിധേയമാക്കി. ആധുനിക മനുഷ്യ മനസ്സിനെ അഭിസംബോധന ചെയ്യുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അവതരിപ്പിക്കേണ്ട കാലഘട്ടത്തിന്റെ മഹത്തായ ദൗത്യത്തിലേക്ക് മൗലാനാ വഹീദുദ്ദീൻ ഖാൻ പിന്നീട് തന്റെ ജീവിതം സ്വയം സമർപ്പിക്കുകയായിരുന്നു. ആ ഗവേഷണത്തിന്റെ ഫലമായി മൗലാന ഇസ്‌ലാമിന്റെ പ്രാമാണിക ഗ്രന്ഥങ്ങളിലും ആധുനിക ശാസ്ത്ര വിജ്ഞാനത്തിലും അഗാധ പ്രാവീണ്യമുള്ള വ്യക്തിത്വമായി.

1955 ആണ്ടിൽ തന്റെ ആദ്യത്തെ ഗ്രന്ഥമായ ഇൽമ്മീ ജദീദ് കാ ചലജ് പ്രസിദ്ധീകരിച്ചു. ആ കൃതി ഇംഗ്ലീഷിൽ God Arises എന്ന പേരിൽ പ്രസിദ്ധീകരിപ്പെട്ടു. പിന്നീട് അറബിക്, മലായ, തുർക്കിഷ്, ഹിന്ദി, മലയാളം, സിന്ദി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ആധുനിക ചിന്തയിൽ ഇസ്ലാമിന്റെ സ്ഥാനം എന്നതിനുള്ള ആധികാരിക മാനദണ്ഡമായി ലോകം അതിനെ സ്വീകരിച്ചു. ആറ് അറബീ രാജ്യങ്ങളിലെ സർവ്വകലാശാലകളിലെ കരിക്കുലത്തിൽ ആ ഗ്രന്ഥം ഉൾപ്പെടുത്തിയിരിക്കുന്നു. മൗലാനയുടെ ഗവേഷണത്തിന്റെ പരമകാഷ്ഠയായിരുന്നു, അൽ ഇസ്ലാം എന്ന ഗ്രന്ഥം. ആധുനിക യുഗത്തിന് ഏറ്റവും അനുയോജ്യമായ തത്വ സംഹിതയായി ഇസ്ലാമിനെ അതിന്റെ പ്രാമാണിക ഉറവിടമായ ഖുർ,ആൻ, പ്രവാചക ചര്യ, ആതാറുസ്വഹാബ എന്നിവയിൽ നിന്ന് കണ്ടെത്തി ലേകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ലഘു പുസ്തകമായ What is islam ലോകത്തിലെ പതിനാറ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ആധുനിക ഇംഗ്ലീഷിൽ വിശുദ്ധ ഖുർ,ആന്റെ വിവർത്തനവും ഇരുന്നൂറിലേറെ ഗ്രന്ഥങ്ങളും രചിച്ച മൗലാനയുടെ സമാധാന പ്രവർത്തനങ്ങൾക്ക് നിരവധി ദേശീയ, അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിവധ രാഷ്ട്രങ്ങൾ തമ്മിലുള്ള ആണവ സംഘട്ടനങ്ങളുടെ ഭീഷണിയെ തടയിടാൻ അദ്ദേഹം നടത്തിയ കാംപെയ്ൻ ലോക സമാധാനത്തിന് ലഭിച്ച വലിയ നേട്ടമായിരുന്നു. 2002 ആണ്ടിൽ സ്വിട്സ്വർലന്റിലെ സഗ്ഗിൽ ലോക രാഷ്ട്രങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത പീസ് ഫോറത്തിൽ അണുവായുധ നിരായുധീകരണത്തിന് വേണ്ടി മൗലാന സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് അന്താരാഷ്ട്ര അണുവായുധ നിരായുധീകണ സംഘടന Demiurges peace international award നല്കി ആദരിച്ചു. ആ അവാർഡ് മുൻ സോവിയറ്റ് യൂണിയൻ പ്രസിഡണ്ട് മിഖായേൽ ഗോർബ്ബച്ചേവിന്റെ രക്ഷാധികാരത്തിലുള്ളതായിരുന്നു. രാഷ്ട്രങ്ങൾ തമ്മിൽ സമാധാനാന്തരീക്ഷം നിലനിർത്താനുള്ള മൗലാനയുടെ അതുല്യമായ പ്രവർത്തന നേട്ടങ്ങൾക്കുള്ള അംഗീകാരമായിരുന്നു അത്. കൊറിയയിലെ സമാധാന സംഘടനയായ International federation for wold peace മൗലാനാ വഹീദുദ്ദീൻ ഖാന്, സമാധാനത്തിന്റെ അംബാസഡർ എന്ന് നാമധേയം നല്കുകയും ചെയ്തു.

ദുബായിയിലെ Forum for promoting peace in muslim societies 2015 ഏപ്രിൽ 30 തീയതി മൗലാനാ വഹീദുദ്ദീൻ ഖാന് ഇമാം അൽ ഹസൻ ഇബിനു അലി പീസ് അവാർഡ് നല്കി ആദരിച്ചു. ഫോറത്തിന്റെ ചെയർമ്മാനായ ശൈഖ് അബ്ദുല്ലാ ബിൻ ബയ്യ പറഞ്ഞു: "90 വയസ്സുള്ള മൗലാനാ വഹീദുദ്ദീൻ ഖാൻ സ്വാഹിബ് കഴിഞ്ഞ 70 വർഷങ്ങളായി ലോക സമാധാനത്തിനും സഹിഷ്ണുതക്കും വേണ്ടി അക്ഷീണമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു."

ജോർദ്ദാനിലെ റോയൽ ഇസ്ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.

2015 സപ്തംബറിൽ അമേരിക്കയിലെ ഇസ്ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ISNA) മൗലാനക്ക് Life time acheevment അവാർഡ് നല്കി ആദരിച്ചു. ISNA യുടെ പ്രസിഡണ്ട് ഡോക്ടർ സയ്യിദ് സ,ഈദ് മൗലാനയുടെ പുതിയ രണ്ട് കൃതികളായ The age of peace, Quranic wisdom എന്നിവ പ്രകാശനം ചെയ്തു.

മൗലനക്ക് നല്കപ്പെട്ട അവാർഡുകളിൽ ചിലതാണ് പത്മഭൂഷൺ, നാഷണൽ ഇന്റഗ്രേഷൻ അവാർഡ്, കമ്യൂണൽ ഹാർമ്മണി അവാർഡ്, ദി വാലിബൻ മോഹൻല്ലാൽ മെഹ്ത അവാർഡ്, നാഷണൽ അമിറ്റി അവാർഡ്, അരുണ അസഫ് അലി സദ്ഭവനാ അവാർഡ്, ദില്ലി ഗൗരവ് അവാർഡ്, ഉറുദു അക്കാദമി അവാർഡ്, മദർ തെരേസ നല്കിയ നാഷണൽ സിറ്റിസൺ അവാർഡ് എന്നിവ.

സമാധാനത്തിന്റെ പ്രചാരണത്തിനുവേണ്ടി 2001 ആണ്ടിൽ മൗലാന Centre for peace and spirituality international(CPSI) രൂപീകരിച്ചു. ഡൽഹിയിലെ തന്റെ സെന്ററിലെ ലൈവ് സെഷനിലൂടെയും വിവിധ സംപ്രേക്ഷണങ്ങളിലൂടെയും ലോക സമാധാനത്തിന്റെ സന്ദേശം കഴിഞ്ഞ ഏഴ് ദശകങ്ങളായ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സംഘടന ലക്ഷ്യമാക്കുന്നത് ആത്മീയതയിലൂന്നിയ സമാധാനത്തിന്റെ സംസ്കാരമാണ്. സെന്റർ വളരെ സജീവമായി പരസ്പര സംഭാഷണങ്ങളിലുടെ ദേശീയ, അന്തർദ്ദേശീയ അഖണ്ഡതക്കുവേണ്ടി യത്നിച്ചുകൊണ്ടിരിക്കുന്നു.

മൗലാന ദർശ്ശിക്കുന്നത് സമാധാനത്തിന്റെ ലോകത്തെയാണ്.

ധനാത്മക(പോസറ്റീവ്) മനോഭാവമുള്ള ഒരുപറ്റം വ്യക്തികൾക്ക് സമാധാന സംസ്കാരമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുമെന്നുള്ളത് മൗലാനയുടെ ഉൽക്കടമായ വിശ്വാസമാണ്. "ഇത്തരം അവസ്ഥ സംജാതമാകണമെങ്കിൽ മനുഷ്യ മനസ്സിനെ പോസറ്റീവ് ചിന്തയിലേക്ക് വികസിപ്പിക്കണം. അതിനുവേണ്ടി നാം മനസ്സിനെ പുനർ നിർമ്മാണത്തിനും പുനർ വ്യവസ്ഥിതിക്കും വിധേയമാക്കണം." — മൗലാന പറഞ്ഞു.

വിശ്വ പ്രസിദ്ധ സമാധാന പ്രവർത്തകരായ ഗാന്ധിജി, നൽസ്സൺ മണ്ടേല, ദലൈലാമ തുടങ്ങിയവരെപ്പോലെ മൗലാനാ വഹീദുദ്ദീൻ ഖാൻ ഉന്നത ജ്ഞാനം കൊണ്ടും കാര്യ ഗ്രഹണ ശക്തി കൊണ്ടും ആത്മീയതയെയും സമാധാനത്തെയും സംബന്ധിച്ച് ടൈംസ് ഓഫ് ഇന്ത്യയുടെ സ്പീക്കിങ് ട്രീ പംക്തിയിൽ വർഷങ്ങളായി എഴുതിക്കൊണ്ടിരിക്കുന്നു.

ഇസ്ലാം സമാധാനത്തിന്റെ മതമാണെന്ന് എഴുപതുവർഷങ്ങളായിട്ട് മൗലാന എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്ഥാപിച്ചു. ആധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ശൈലിയിലും ഭാഷയിലും ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ സമ്പൂർണ്ണമായി അവതരിപ്പിച്ചു. കാലഘട്ടത്തിന്റെ മഹാ ദൗത്യം അതിലൂടെ മൗലാന നിർവ്വഹിക്കുകയായിരുന്നു.

# അധ്യായങ്ങൾ


ദൈവം സങ്കല്പം ..... 11

മതം ..... 18

ഇസ്‌ലാമേതര മതങ്ങൾ ..... 21

ഇസ്‌ലാം: ലഘു പരിചയം ..... 26

# ദൈവം സങ്കല്പം

**1965** ആണ്ടിൽ, നിരീശ്വര വാദിയായിമാറിയ ഒരു സർവ്വക ലാശാലാ പ്രൊഫസറെ ഞാൻ കണ്ടുമുട്ടി. ദൈവാസ്തികൃമായിരുന്നു ഫിലോസഫിയിൽ ഡോക്ടറേറ്റുള്ള അദ്ദേഹവുമായി സംഭാഷണ വിഷയം. അതിനിടയിൽ അദ്ദേഹം ചോദിച്ചു: “ദൈവാസ്തികൃം തെളിയിക്കാൻ എന്ത് മാനദണ്ഡമാണ് താങ്കളുടെ പക്കലുള്ളത്?”

യുക്തിസഹമായ ഒരു മാനദണ്ഡം എന്റെ പക്കലുണ്ടെന്ന് ഞാൻ മറുപടി പറഞ്ഞു. ഏതൊരു പ്രകൃതി സത്യവും തെളിയിക്കാൻ ശാസ്ത്രത്തിൽ ഉപയോഗപ്പെടുത്തുന്ന മാനദണ്ഡം തന്നെയാണ് ഇവിടെയുമുള്ളത്. രണ്ടുതരം ജ്ഞാനങ്ങളുണ്ടെന്ന് ബർട്രാന്റ് റസ്സൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. വസ്തുക്കളെക്കുറിച്ചുള്ള ജ്ഞാനവും സത്യത്തെക്കുറിച്ചുള്ള ജ്ഞാനവും. വസ്തുക്കളെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷമായ വാദങ്ങൾ അവക്കുവേണ്ടി പ്രയോഗിക്കുക സാധ്യമാണ്. എന്നാൽ, സത്യങ്ങൾ തെളിയിക്കാൻ അനുമാന സിദ്ധാന്തമായ വാദങ്ങൾ മാത്രമെ പ്രായോഗികമാവൂ. പ്രകൃതി നിയമങ്ങൾ ഉദാഹരണമാണ്. വസ്തുക്കളുടെ അസ്തിത്വത്തിന്റെ അടിസ്ഥാനത്തിൽ ചില യാഥാർഥ്യങ്ങളുടെ ആസ്തിക്യം അംഗീകരിക്കാൻ ശാസ്ത്രത്തിൽ അനുമാന സിദ്ധാന്തമായ വാദങ്ങൾ സാധ്യമാണെന്ന് കരുതപ്പെടുന്നുണ്ട്. ആ യാഥാർഥ്യത്തിന്റെ അടിസ്ഥാനത്തിലാണ് മതങ്ങൾ മുന്നോട്ടുവെക്കുന്ന, രൂപകല്പന തൊട്ടേയുള്ള വാദം ശാസ്ത്രത്തിന്റെ വീക്ഷ

ണമനുസരിച്ച് യുക്തമാണെന്ന് ബർട്രാന്റ് റസ്സൽ അംഗീകരിച്ചത്. ആ വാദം രൂപകല്പനയുടെ കാലം തോട്ടേ രൂപകല്പന ചെയ്ത ഒരാളുടെ ആസ്ത്യക്യവും ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ദൈവാസ്തിത്വത്തെക്കുറിച്ച് മനുഷ്യർ ചർച്ച നടത്താറുണ്ടായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അതൊരു വിവാദ വിഷയം അല്ലാതായിത്തീർന്നു. ഇപ്പോൾ അക്കാദമിക്ക് വൃത്തങ്ങളിലും ദൈവാസ്തിത്വം ഒരു യാഥാർത്ഥ്യമായി ഗണിക്കപ്പെടുന്നു. വിശിഷ്യാ, മഹാ വിസ്ഫോടന സിദ്ധാന്തത്തിനുശേഷം ആ വിഷയം ഏതാണ്ട് അംഗീകരിക്കപ്പെട്ടുകഴിഞ്ഞു.

ദൈവമുള്ള പ്രപഞ്ചം, ദൈവമില്ലാത്ത പ്രപഞ്ചം എന്നിങ്ങനെ ഒരു പരിഗണയേ ഇല്ലെന്ന് നമുക്കിപ്പോൾ ശാസ്ത്രീയമായി പറയാൻ കഴിയും. അതിലുപരി, ദൈവമുള്ള പ്രപഞ്ചം, അല്ലെങ്കിൽ പ്രപഞ്ചം തന്നെയില്ല എന്നാണ് ഇപ്പോൾ യഥാർത്ഥ പരിഗണന. ശാസ്ത്രീയ വീക്ഷണത്തിൽ, പ്രപഞ്ചം തന്നെയില്ല എന്നത് തിരഞ്ഞെടുക്കാനുള്ള നിലപാടിലല്ല നാം എന്നതിനാൽ, ദൈവമുള്ള പ്രപഞ്ചം എന്നത് തിരഞ്ഞെടുക്കാൻ നാം നിർബ്ബന്ധിതരാണ്.

1930 ആണ്ടിൽ പ്രസിദ്ധീകൃതമായ The Mystorious Universe എന്ന, സർ ജെയിംസ് ജീൻസ്സിന്റെ കൃതിയാവും ഒരുപക്ഷെ ദൈവാസ്തികൃത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ തെളിവുകളുടെ ആദ്യത്തെ ശ്രദ്ധേയമായ വിവരണം. ലോകത്തെ എല്ലാ ശാസ്ത്രശാഖകളും ദൈവാസ്തികൃത്തെക്കുറിച്ച് എങ്ങനെ സൂചിപ്പിക്കുന്നുവെന്ന് തെളിയിക്കുന്ന, ഗണനീയമായ നിരവധി കൃതികൾ ആ വിഷയകമായി തുടർന്നുവന്നു. ആ വിഷയത്തിൽ അമൂല്യമായൊരു കൃതിയെക്കുറിച്ച് ഇവിടെ പരാമർശ്ശിക്കാൻ ഞാനാഗ്രഹിക്കുന്നു. യോഗ്യരായ പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ എഴുതിയ നാല്പത് ലേഖനങ്ങൾ അതിലുണ്ട്. The Evidence of God in an Expanding universe എന്ന ശീർഷകത്തിലുള്ള ആ കൃതി എഡിറ്റുചെയ്തത് ജോൺ ക്ലോവർ മോൻസ്മയാണ്.

ഈ പ്രപഞ്ചത്തിനൊരു ദൈവമുണ്ടെന്ന് ദൈവികവും ശാസ്ത്രീയവുമായ ജ്ഞാനങ്ങൾ ഒരുപോലെ തെളിയിക്കുന്നുണ്ടെന്നതാണ് യാഥാർഥ്യം. ആ ദൈവം ഏകനാണ്. ദൈവത്തിൽ വിശ്വസിക്കാതിരിക്കുകയെന്നത് ബഹുദൈവങ്ങളിൽ വിശ്വസിക്കുകയെന്നതുപോലെ അവ്യക്തികമാണ്. ഈ ലോകത്ത് പരീ

ക്ഷിക്കപ്പെടുക എന്ന ലക്ഷ്യത്തോടെയാണ് മനുഷ്യന് സ്വാതന്ത്ര്യം നല്കപ്പെട്ടത്. സ്വേച്ഛയനുസരിച്ച് ഇഷ്ടമുള്ളത് പറയാനും എന്തും വിശ്വസിക്കാനും ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ, യുക്തിയെ സംബന്ധിച്ചിടത്തോളം ഏക ദൈവം എന്നതാണ് യുക്തിപരമായ സങ്കല്പം. മറ്റുള്ളവയെല്ലാം യുക്തിരഹിതമാണ്. യുക്തി സഹമായ ഒരു അനുകൂല ന്യായവും അവക്കില്ല.

ഒരിക്കൽ ഇന്ത്യയിലെ ഒരു നഗരത്തിൽ ഒരുകൂട്ടം യുവാക്കൾ, ദൈവം ഉണ്ടോ ഇല്ലയോ എന്ന് ചർച്ചചെയ്തുകൊണ്ടിരിക്കുകയായിരുന്നു. നീണ്ട ഒരു സംവാദത്തിനുശേഷവും വിഷയം പരിഹരിക്കപ്പെട്ടില്ല. ഒടുവിൽ അതേ നഗരത്തിലെ ഒരു മുസ്ലീം പണ്ഡിതനുമായി വിഷയം ചർച്ചചെയ്യാമെന്ന് അവർ അംഗീകരിച്ചു. അവരുടെ ക്ഷണമനുസരിച്ച് അദ്ദേഹം അവിടെയെത്തി. അദ്ദേഹം യുവാക്കൾക്കിടയിൽ എഴുന്നേറ്റുനിന്ന് ഒരു ഖുർ,ആൻ സൂക്തം ലളിതമായി ഓതിക്കൊടുത്തു: “ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവായ അല്ലാഹുവിന്റെ കാര്യത്തിലാണോ സംശയം?” (14: 10).

അത്ഭുതകരമായിരുന്നു ഫലം. യുവാക്കൾ മൗനം പൂണ്ടു. ദൈവത്തിൽ വിശ്വസിക്കാൻ കൂടുതൽ വാദങ്ങൾ ആവശ്യമില്ലെന്ന് ഖുർ,ആനിലെ ആ സൂക്തത്തിൽ നിന്ന് അവർക്ക് ബോധ്യമായി. ആ സാക്ഷ്യം മാത്രം പര്യാപ്തമായിരുന്നു അവരെ വിശ്വാസികളാക്കാൻ. കാരണം, തന്റെ അസ്തിത്വത്തിന് ദൈവത്തിന് ഒരു തെളിവും ആവശ്യമില്ല.

ഒന്നാമതായി, പ്രപഞ്ചത്തിന്റെ അസ്തിത്വംതന്നെ ദൈവത്തിന്റെ അസ്തിത്വത്തിന് തെളിവാണ്. രണ്ടാമതായി, മനുഷ്യന്റെ അസ്തിത്വവും ദൈവത്തിന്റെ അസ്തിത്വത്തിന് തെളിവാണ്. അതിനാൽ, മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കുന്നു. കാരണം, ദൈവത്തിൽ വിശ്വസിക്കാൻ ബാധ്യസ്ഥനാണവൻ. അവന്റെ ആന്തരിക പ്രകൃതി ദൈവത്തെക്കുറിച്ച് സംസാരിക്കുന്നു. അതിനാൽ, നിഷ്പക്ഷമതികൾക്ക് ദൈവത്തിൽ വിശ്വസിക്കാൻ പലപ്പോഴും ദൈവാസ്തികത്വക്കുറിച്ചുള്ള ലളിതമായൊരു ബോധ്യം മാത്രം മതി. ദൈവത്തെ നിഷേധിക്കാൻ ഒരാൾക്കും സാധ്യമല്ല. കാരണം, സ്വന്തം പ്രകൃതിയെ നിഷേധിക്കുന്നതിന് തുല്യമാണത്. അതേ സമയം ബാഹ്യലോകത്ത് തനിക്ക് ചുറ്റുമുള്ള പ്രകൃതിയിൽത്തന്നെ അനുദിനം ദൈവത്തിന്റെ തെളിവുകൾ അവന് സ്പഷ്ടമായി

കാണാൻ സാധിക്കുന്നു. ദൈവാസ്തിക്യം പ്രത്യക്ഷമാണെന്നതിനാൽ ഏതുതരം ദൈവ നിഷേധവും കൃത്രിമമായിത്തീരും. അതുകൊണ്ടാണ്, ദൈവത്തെ തീർത്തും തിരസ്കരിച്ചവർക്കുപോലും സ്വന്തം നിസ്സഹായാവസ്ഥയിൽ ദൈവത്തിൽ വിശ്വസിക്കാനിടവരുന്നത് (31: 32, 10: 22).

ദൈവം ഒരുവൻ മാത്രമെയുള്ളുവെന്ന ശുദ്ധമായ ഏകദൈവ വിശ്വാസമാണ് പ്രവാചകന്മാർ മനുഷ്യർക്ക് കൈമാറിയത്. ഖുർ,ആനിലെ ഒരു ചെറിയ അധ്യായത്തിൽ ആ പ്രവാചക സങ്കല്പം സംക്ഷിപ്തമായി അവതരിപ്പിക്കുന്നുണ്ട്. പക്ഷെ, ഓരോ കാലത്തും എല്ലാ തരം സങ്കല്പങ്ങളും പ്രബലമായിത്തീരും. അവയെ രണ്ടു തരത്തിൽ വർഗ്ഗീകരിക്കാം: ഏകദൈവം - ബഹുദൈവങ്ങൾ, വ്യക്തിപരമായ ഒരു ദൈവം - വ്യക്തിപരമല്ലാത്ത ഒരു ദൈവം.

ദൈവത്തെക്കുറിച്ചുള്ള വിശ്വാസങ്ങളുടെ മറ്റ് രീതികളും ഉണ്ട്. ചിലർ രണ്ട് ദൈവങ്ങളിൽ വിശ്വസിക്കുന്നു. ഒന്ന് നന്മയുടേത്, മറ്റൊന്ന് തിന്മയുടേത്. ചിലർ മൂന്നിൽ വിശ്വസിക്കുന്നു. ക്രിസ്ത്യൻ സങ്കല്പമായ ത്രികേയത്വം പോലെ. മറ്റുചിലർ അനേകം ദൈവങ്ങളിലും വിശ്വസിക്കുന്നു. ഹിന്ദുക്കൾ ഉദാഹരണം.

ഇനി ആ സങ്കല്പങ്ങളിൽ ഏതാണ് ശരി? ഏതാണ് തെറ്റ്? ആ വിഷയത്തിൽ ഖുർ,ആൻ സ്പഷ്ടമായൊരു ബോധ്യം നമുക്ക് നല്കുന്നു. വിശ്വാസ യോഗ്യമായ ജ്ഞാനങ്ങൾ രണ്ടേയുള്ളു. ദൈവിക ജ്ഞാനവും ശാസ്ത്രീയ ജ്ഞാനവും (46: 4).

ആദ്യം നമുക്ക് ദൈവിക വെളിപാടുജ്ഞാനം എടുക്കാം. വെളിപാടുവേദപുസ്തകങ്ങളുടെ ഒരു സർവ്വേ നാം നടത്തുമ്പോൾ ഉയരുന്ന ആദ്യത്തെ ചോദ്യം, അവയിൽ ഏതാണ് ആധികാരികമായി ഗണിക്കപ്പെടുന്നത് എന്നതാവും. വാസ്തവത്തിൽ, ദൈവത്തിന്റെ വെളിപാടെന്ന് ഓരോ മതാനുയായിയും വിശ്വസിക്കുന്ന നിരവധി മത വേദങ്ങൾ ഇന്ന് ലോകത്തുണ്ട്. എന്നാൽ, ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ, ചരിത്രപരമായ അടിത്തറയിൽ അവക്കൊന്നും ആ വിശ്വാസ്യത നിലനിർത്താൻ കഴിയുന്നില്ലെന്ന് നമുക്ക് കണ്ടെത്താൻ കഴിയും. എപ്പോൾ എങ്ങനെ ആ ഗ്രന്ഥങ്ങൾ നിലവിൽ വന്നു? അതിന്റെ മൂല ഭാഷ ഏതായിരുന്നു? പ്രഥമ ദാതാവിന് ശേഷം അവ എപ്രകാരം സംരക്ഷിക്കപ്പെട്ടു? പിൻ തലമുറയിലെ അനുയായികളിലേക്ക് എങ്ങനെ

അതെത്തി? ആ ചോദ്യങ്ങൾ ഉത്തരങ്ങളില്ലാതെ കിടക്കുന്നു. പക്ഷെ, ചരിത്രപരമായ തെളിവുകൾ യാതൊന്നുമില്ലാതെ അനുയായികൾ അവയെ വിശുദ്ധ വേദങ്ങളെന്ന നിലക്ക് വിശ്വസിക്കുകയും ചെയ്യുന്നു.

വെളിപാടുവേദങ്ങളുടെ ചരിത്ര രാഹിത്യത്തിന് വിപരീതമായി എല്ലാ അർത്ഥത്തിലും ചരിത്രപരമായ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്ന ദൈവ ഗ്രന്ഥം ഖുർ,ആൻ മാത്രമാണ്. ചരിത്രപരമായ എല്ലാതര വിശ്വാസ യോഗ്യതകളും ആധികാരികതയും ഖുർ,ആനിലുണ്ട്. അതിനാൽ, സമ്പൂർണ്ണ ബോധ്യത്തോടെതന്നെ ഏതൊരാൾക്കും അതിൽ വിശ്വസിക്കാം.

ദിവ്യ വെളിപാടുജ്ഞാനമനുസരിച്ച് ദൈവ സങ്കല്പം തെളിയിക്കാൻ ഒരാൾ ആഗ്രഹിച്ചാൽ ഖുർ,ആനെ മാത്രം ആധികാരിക സ്രോതസ്സായി അവന് വിശ്വസിക്കാൻ കഴിയുമെന്നർത്ഥം. യഥാർത്ഥ ദൈവ സങ്കല്പം മനസ്സിലാക്കാൻ വിശ്വസനീയമായൊരു സ്രോതസ്സ് നല്കാനാവുന്ന, നിലവിലുള്ള ഏക ദൈവിക വേദം ഖുർ,ആനാണ്.

ആ വിഷയത്തിൽ നാം ഖുർ,ആൻ പരിശോധിക്കുമ്പോൾ വെളിപാടുജ്ഞാനമനുസരിച്ച് ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ സങ്കല്പം ഒന്നേയുള്ളുവെന്നും അത് ശുദ്ധമായ ഏകദൈവ വിശ്വാസമാണെന്നും നമുക്ക് കണ്ടെത്താനാകും. അഥവാ, ദൈവം ഏകൻ മാത്രമാണ്. അവന് പങ്കാളികളോ തത്തുല്യരോ ഇല്ല. കാല, ദേശങ്ങൾക്കതീതനും ശാശ്വതനുമാണവൻ. സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവും സംരക്ഷകനും അവൻ മാത്രമാണ് (2: 255).

ത്രികേയത്വമാണെങ്കിൽ എല്ലാ അർത്ഥത്തിലും പരിപൂർണ്ണമായും യുക്തിരഹിതമാണ്. യാതൊരു വെളിപാടുസ്രോതസ്സും അതിന് തെളിവായില്ല. ഇന്നുമത് ക്രിസ്ത്യൻ ചർച്ചിന്റെ കേവല വിശ്വാസം മാത്രമാണ്. ക്രിസ്ത്യാനികൾ പവിത്രമെന്ന് കരുതുന്ന പഴയ നിയമത്തിലോ പുതിയ നിയമത്തിലോ ത്രികേയത്വ സങ്കല്പത്തിന് സ്പഷ്ടമായ യാതൊരു പരാമർശ്ശവുമില്ല. അവരുടെ വേദങ്ങളിൽത്തന്നെ ത്രികേയത്വം അന്യമായൊരു വിശ്വാസമാണ്.

യുക്തിപരമായി ചിന്തിക്കുമ്പോഴും ത്രികേയത്വം ദുർഗ്രാഹ്യമായ ഒന്നാണ്. ത്രികേയത്വമനുസരിച്ച് ദൈവം ഒരേ സമയം ഒന്നിൽ മൂന്നും മൂന്നിൽ ഒന്നുമാണ്. ഒരു മഹാ ഗണിത ശാസ്ത്രജ്ഞനും

പരിഹരിക്കാനാവാത്ത ദുർഗ്രാഹ്യമായ ഗണിത ശാസ്ത്ര കടങ്കഥയാണത്. അതിനാലാണ് ത്രികേയത്വം വിശദീകരിക്കാൻ ഒരു വിദ്യാർത്ഥി ഇന്ത്യയിലെ ഒരു യൂനിവേഴ്സിറ്റീ അധ്യാപകനോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതികരിച്ചത്:

“നീ എന്നോട് ചോദിക്കുമ്പോൾ എനിക്കറിയില്ല. നീ ചോദിക്കാതിരിക്കുമ്പോൾ എനിക്കറിയാം.”

ത്രികേയത്വമെന്നത് തെളിയിക്കാനാവാത്ത സങ്കല്പമാണെന്നത് വസ്തുതയാണ്.

ഇനി നമുക്ക് ശാസ്ത്രീയമായ ജ്ഞാനങ്ങളെക്കുറിച്ച് പറയാം. ഏകദൈവമെന്ന സങ്കല്പത്തനിന് ശാസ്ത്രീയ ജ്ഞാനം അക്കാദമിക്ക് ദൃഢീകരണം നല്കുന്നുണ്ട്. ബഹുദൈവങ്ങളെന്ന സങ്കല്പം ഒരു ശാസ്ത്രജ്ഞന് മനസ്സിലാക്കാൻ കഴിയാത്തതിനാൽ ഒന്നിലേറെ ദൈവങ്ങളെ ശാസ്ത്ര ജ്ഞാനം അംഗീകരിക്കുന്നില്ല.

ശാസ്ത്രം കണ്ടെത്തിയ ലോകം പൂർണ്ണമായും ഏകീകൃതമായൊരു ലോകമാണ്. ലോകത്തിന്റെ സർവ്വ ഭാഗങ്ങളും പരസ്പരം വേർത്തിരിക്കാനാവാത്ത വിധം പരസ്പരം ബന്ധിതമാണ്. അത്തരമൊരു ലോകത്ത് ബഹുദൈവ സങ്കല്പമെന്നത് തികച്ചും വിചിത്രമാണ്. ഉദാഹരണത്തിന്, സൂര്യനും വായുവും വെള്ളവും ഭൂമിയും മനുഷ്യരുമെല്ലാം ഏകനായ ഒരേയൊരു ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നതല്ലെങ്കിൽ നാമീ കാണുന്ന ലോകംതന്നെ നിലവിലുണ്ടാകുമായിരുന്നില്ല. സൂര്യ വെളിച്ചം അലങ്കാരങ്ങളായ രശ്മികളെ നിർവ്വീര്യമാക്കുന്ന ഒരു അന്തരീക്ഷമില്ലാതെ ഭൂമിയിലെത്തുകയാണെങ്കിൽ ജീവ സ്രോതസ്സിന് പകരം സൂര്യൻ കൊലയാളിയായിമാറിയേനേ. ജലത്തിൽ നിശ്ചിത അളവ് നീരാവിയില്ലെങ്കിൽ ഭൂമുഖത്ത് ജൈവ കോശങ്ങളൊന്നുംതന്നെ ഉണ്ടാകുമായിരുന്നില്ല. ഭൂമിയുടെ വലുപ്പം ഇപ്പോഴുള്ളതിന്റെ പകുതിയോ ഇരട്ടിയോ ആണെങ്കിൽ ഭൂമിയിൽ മനുഷ്യാധിവാസം അസാധ്യമാകുമായിരുന്നു.

എണ്ണമറ്റ വസ്തുക്കളുണ്ട് ഭൂമിയിൽ. ഭൂമിയിലെ ജീവിതത്തിന് പരമാവധി പ്രയോജനം നല്കുന്നതുപോലെത്തന്നെ നിശ്ചിത അളവിലാണ് അവയെല്ലാം നിലനിൽക്കുന്നതും. ആ അളവിനപ്പുറത്തുള്ള തായൊന്നും ഭൂമിയിലില്ല. ലോകത്തിന് ഏകനായൊരു സ്രഷ്ടാവും സംരക്ഷകനുമേയുള്ളുവെന്നാണ് അത് വ്യക്തമാക്കു

ന്നത്. ഓരോ വസ്തുക്കൾക്കും വ്യത്യസ്തങ്ങളായ ദൈവങ്ങളാണുള്ളതെങ്കിൽ സമ്പൂർണ്ണ സന്തുലനാവസ്ഥ അസാധ്യമാകുമായിരുന്നു.

പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന നിരവധി ശക്തികളുണ്ടെന്ന് പണ്ടത്തെ ജനങ്ങൾ വിശ്വസിച്ചിരുന്നു. ന്യൂട്ടൻ ആ ശക്തികളെ നാലുതരത്തിലായി പരിമിതപ്പെടുത്തി. ഗുരുത്വാകർഷണ ശക്തി, വൈദ്യുത കാന്തിക ശക്തി, ശക്തമായ ആണവ ശക്തി, ദുർബ്ബലമായ ആണവ ശക്തി എന്നിങ്ങനെ.

എങ്കിലും ലോകത്തെ നിയന്ത്രിക്കുന്ന ഈ നാല് ശക്തികളെന്ന സങ്കല്പത്തോട് പൊരുത്തപ്പെടാത്തതാണ് ശാസ്ത്രജ്ഞൻ കണ്ടെത്തിയ ലോകത്തിന്റെ അസാധാരണമായ ഏകത്വം.

അതുകൊണ്ടാണ് ആ നാല് ശക്തക്തികളെ ഒന്നാക്കി പരിമിതപ്പെടുകത്താൻ ശാസ്ത്രജ്ഞൻ ശ്രമിക്കുന്നത്. ഇരുപതാം നാറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അവരുടെ ശ്രമങ്ങൾ വിജയ കിരീടമണിഞ്ഞിട്ടുണ്ട്. പ്രകൃതിയെ നിയന്ത്രിക്കുന്നത് നാലല്ല ഒരേയൊരു ശക്തിയാണെന്ന് ഇപ്പോൾ പൊതുവെ വിശ്വസിക്കുന്നുണ്ട്. അതാണ് Single String Theory എന്നതിന്റെ രൂപീകരണത്തിലേക്ക് ശാസ്ത്രജ്ഞനെ വഴിനടത്തിയത്.

ഈ ലോകത്തെ നിയന്ത്രിക്കുന്നത് ബഹുദൈവങ്ങളല്ല, ഏകദൈവം മാത്രമാണെന്ന ദിവ്യ വെളിപാടുജ്ഞാനത്തിലെ തൗഹീദ് സങ്കല്പം ശാസ്ത്രീയ ജ്ഞാനം വഴി അംഗീകരിക്കപ്പെട്ടുവെന്നാണ് അത് തെളിയിക്കുന്നത്.

# മതം

**ഇ**നി നമുക്ക് മതങ്ങളിലേക്ക് വരാം. സത്യാന്വേഷണത്തിലെ ഏറ്റവും അവലംബനീയമായ സ്രോതസ് മതമാണെന്ന് പണ്ഡിതർ പൊതുവെ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഭൂരിഭാഗം മനുഷ്യരും എല്ലാ കാലത്തും എതെങ്കിലുമൊരു മതവുമായി ബന്ധപ്പെട്ടുപോന്നത്. ഇന്നും അതുതന്നെയാണ് കാര്യം.

മനുഷ്യർ എന്തുകൊണ്ടാണ് മതങ്ങളെ സത്യത്തിന്റെ അവലംബനീയമായൊരു സ്രോതസ്സായി പരിഗണിക്കുന്നത്? മറ്റൊരു തത്വ ചിന്തക്കും അനുഭവിക്കാൻ കഴിയാത്ത പ്രത്യേക സ്രോതസ്സിൽ അധിഷ്ഠിതമാണ് മനുഷ്യാധ്യാപനങ്ങൾ. പ്രത്യേകമായ ആ സ്രോതസ് ദൈവിക വെളിപാടുകളുടേതാണ്. ദൈവം പ്രപഞ്ചം സൃഷ്ടിച്ചു. അതിന്റെ സൃഷ്ടിപ്പുലക്ഷ്യം അവന് നന്നായറിയാം. ലോകത്തെ ഏതുവഴിയാണ് വിജയത്തിലേക്ക് നയിക്കുകയെന്നും ഏതുവഴിയാണ് പരാജയത്തിലേക്ക് നയിക്കുകയെന്നും അവനാണ് പരിപൂർണ്ണ ജ്ഞാനമുള്ളത്. അതിനാൽ, ദൈവദത്തമായ മാർഗ്ഗദർശ്ശനം പൂർണ്ണമായും വിശ്വസനീയമാണ്.

പ്രപഞ്ച സൃഷ്ടിപ്പിനുശേഷം ഭൂമിയിൽ ആദ്യ മനുഷ്യനെ അധിവസിപ്പിച്ചപ്പോൾ ഓരോ കാലത്തും ഓരോ സമൂഹത്തിലും മനുഷ്യ കുലത്തെ ദൈവത്തിന്റെ വഴിയിലേക്ക് വെളിച്ചം കാണിക്കാൻ ഓരോ വ്യക്തിയെ പ്രവാചകന്മാരാക്കി ഉയിർത്തെഴുന്നേല്പിക്കുമെന്ന് അവൻ തീരുമാനിച്ചിരുന്നു. പരമ ജ്ഞാനിയായ ദൈവം

തന്റെ മാർഗ്ഗ ദർശ്ശനം അവരിലൂടെ മനുഷ്യരിലേക്കയച്ചു. വെളിപാടുകൾ മാലാഖമാർ മുഖേനെ ദൈവിക ഗ്രന്ഥരൂപത്തിലാണ് പ്രവാചകന്മാർക്ക് നല്കിയത്. ലോകത്തെ മതങ്ങളുടെ അടിസ്ഥാനം ആ വിശുദ്ധ വേദങ്ങളാണ്.

വേദ ഗ്രന്ഥങ്ങൾ എല്ലാ കാലത്തും മനുഷ്യനെ മാർഗ്ഗ ദർശ്ശനം ചെയ്തിട്ടുണ്ട്. അവയിലൂടെ ഓരോ യുഗത്തിലും എണ്ണമറ്റ ജനതകൾ അവരുടെ മനസ്സിലെ വെളിച്ചവും ഹൃദയ ശാന്തിയും കണ്ടെത്തി. സ്രഷ്ടാവിനെക്കുറിച്ചുള്ള ശരിയായ ജ്ഞാനം മനുഷ്യന് നല്കുകയും അതുവഴി പ്രപഞ്ചത്തെയും അതിലെ മനുഷ്യന്റെ ലക്ഷ്യത്തെയും കുറിച്ച് യുക്തമായി മനലസ്സിലാക്കാൻ അവനെ പര്യാപ്തനാക്കുകയുമാണ് മതങ്ങളുടെ ലക്ഷ്യം.

മനുഷ്യന്റെ തുടക്കത്തെയും പരമമായ അന്ത്യത്തെയും കുറിച്ച് അവന് അറിവ് നല്കുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പുലക്ഷ്യത്തിനനുസരിച്ച് ഇഹലോക ജീവിതം നയിക്കാനും അതുവഴി ദൈവികമായ പ്രതിഫലങ്ങൾക്ക് അർഹനാവാനും മനുഷ്യന് മതം കഴിവു നല്കുന്നു.

രണ്ടുഡസനിലേറെ പ്രവാചകന്മാരെക്കുറിച്ച് ഖുർ,ആനിൽ പരാമർശ്ശിക്കപ്പെട്ടിട്ടുണ്ട്. 1,24,000 ആണ് ആ പ്രവാചകന്മാരുടെയും ദൂതന്മാരുടെയും എണ്ണമെന്ന് ഒരു ഹദീസിലുണ്ട്. എന്നാൽ മുഹമ്മദുനബി(സ) ഒഴികെയുള്ള പ്രവാചകന്മാരുടെ ആധികാരിക ചരിത്രരേഖ നമുക്ക് ലഭ്യമാവുന്നില്ല. ലഭ്യമായാലും ഇല്ലെങ്കിലും ഓരോ കാലത്തും ഓരോ സമൂഹത്തിൽ ദൈവത്തിന്റെ പ്രവാചകന്മാർ കടന്നുവന്നിട്ടുണ്ടെന്ന് തത്വത്തിൽ നാം വിശ്വസിക്കേണ്ടതുണ്ട്.

വിശ്വാസങ്ങൾ, ആരാധന, സദാചാരങ്ങൾ, സാമൂഹ്യമായ പെരുമാറ്റങ്ങൾ മുതലായവയടങ്ങിയതാണ് പൊതുവെ ഒരു മത വ്യവസ്ഥ. മനുഷ്യന്റെ ബൗദ്ധികവും വൈകാരികവുമായ സ്വത്വം വലയം ചെയ്യുന്ന ആയുഷ്കാല കേന്ദ്രബിന്ദു മനുഷ്യന് നല്കുന്നുവെന്നതാണ് മത വ്യവസ്ഥയുടെ സുപ്രധാനമായ സംഭാവനകളിലൊന്ന്.

മതം മനുഷ്യന് ഒരു പ്രത്യയ ശാസ്ത്രം നല്കുന്നു. മനസ്സുകൊണ്ടും ആത്മാവുകൊണ്ടും അവനതിൽ വിശ്വസിക്കുന്നു. സർവ്വശക്തനായ ദൈവവുമായി സംസർഗ്ഗത്തിലാണ് താനെന്ന ബോധ്യം അത് മനുഷ്യനിൽ സന്നിവേശിപ്പിക്കുന്നു. ഒരു മതം കണ്ടെത്തു

ന്നതോടെ പ്രപഞ്ചത്തിലെ സർവ്വതിനൊപ്പവും സഹചാരിയായിത്തീരുന്നുവെന്ന വികാരം അവനിൽ സൃഷ്ടിക്കുന്നു. പ്രാപഞ്ചിക സാഹോദര്യത്തിലെ ഒരംഗമായി മാറുന്നു അവൻ.

പ്രായോഗികമായൊരു ജീവിത വ്യവസ്ഥ മതം മനുഷ്യന് സമ്മാനിക്കുന്നു. രാപ്പകൽ ശരിയായ രീതിയിൽ അനുവർത്തിക്കാനുള്ള ഗതി അവന് കണ്ടെത്താനാവുന്നു. തന്റെ ജീവിതത്തിന്റെ ലക്ഷ്യം തിരിച്ചറിയാൻ കഴിയുന്നത് ഒരു മതം കണ്ടെത്തുമ്പോഴാണ്. ഒരു സഞ്ചാരി ലക്ഷ്യ സ്ഥാനത്തെത്തുമ്പോഴുണ്ടാകുന്ന വിധമാകും അപ്പോഴവന്റെ അനുഭവത്തിന്റെ തീവ്രത.

ജീവിതത്തിന്റെ ശാസ്ത്രമാണ് മതം. മനുഷ്യന്റെ മാർഗ്ഗ ദർശ്ശനത്തിന്റെയും ബോധ്യത്തിന്റെയും ശാശ്വതമായ സ്രോതസ്സാണത്. മനുഷ്യന്റെ ആത്മീയവും ബൗദ്ധികവുമായ വളർച്ചയുടെ നാരായ വേരുമാണ് മതം. മനുഷ്യ ജീവിതത്തിൽ മതത്തിന്റെ അഭാവം മനുഷ്യന്റെ എല്ലാ സാധ്യതകളെയും ഇല്ലാതാക്കും. വ്യക്തിത്വത്തിന്റെ സമ്പൂർണ്ണവും അർത്ഥ പൂർണ്ണവുമായ വികാസത്തിലേക്ക് നയിക്കുന്ന വഴികളെ അത് അവസാനിപ്പിക്കും.

# ഇസ്‌ലാമേതര മതങ്ങൾ

**ഭൂ**മിയിൽ മനുഷ്യന്റെ ആഗമനം തൊട്ടുതന്നെ മനുഷ്യ കുലത്തിലേക്ക് സന്ദേശങ്ങൾ എത്തിച്ചുകൊടുക്കാൻ ദൈവം പ്രവാചകന്മാരെ നിയോഗിച്ചിരുന്നുവെന്ന് ഖുർ,ആനും ബൈബിളും നമുക്ക് പറഞ്ഞുതരുന്നു. ഒരു ഹദീസനുസരിച്ച് ആദം മുതൽ യേശുവരെ ഒരുലക്ഷത്തിലേറെ പ്രവാചകന്മാർ ലോകത്ത് വന്നിട്ടുണ്ട്. ദൈവത്തിന്റെ മതവുമായി വന്ന ഓരോ പ്രവാചകനും അത് തങ്ങളുടെ സമൂഹത്തിലേക്ക് വിനിമയം ചെയ്തു. എല്ലാ കാലത്തും എല്ലായിടങ്ങളിലും ആ ദൈവിക പദ്ധതി തുടർന്നുപോന്നു.

ദൈവദൂതന്മാരെല്ലാം കൊണ്ടുവന്നത് ഒരേയൊരു മതമായിരുന്നു. അടിസ്ഥാനപരമായി അവയൊന്നും പരസ്പരം വിരുദ്ധമല്ല. എന്നാൽ, തങ്ങളുടെ പ്രവാചകന്മാരുടെ അധ്യാപനങ്ങൾ സംരക്ഷിക്കാൻ ബന്ധപ്പെട്ട ജനതക്ക് സാധിച്ചില്ലെന്നത് സത്യമാണ്. പല മതങ്ങളും വക്രീകൃതമായ രൂപത്തിൽ നിലനിൽക്കുകയോ അടയാളങ്ങളൊന്നും അവശേഷിപ്പിക്കാതെ അപ്രത്യക്ഷമാവുകയോ ചെയ്തു. മാത്രമല്ല, ആ പ്രവാചകന്മാർക്കോ അവരുടെ അധ്യാപനങ്ങൾക്കോ ചരിത്രപരമായ പ്രാധാന്യം നല്കാൻ സമകാലിക ചരിത്രകാരന്മാർക്ക് സാധിച്ചതുമില്ല. അക്കാരണത്താൽ അവരിൽ പല പ്രവാചകന്മാർക്കും ചരിത്രത്തിൽ സ്ഥാനം പിടിക്കാനായില്ല. അന്ത്യ പ്രവാചകൻ മുഹമ്മദുനബി(സ) മാത്രമാണ് അതിൽ അപവാദമായുള്ളത്.

ആ ചരിത്ര തമസ്കരണം പൂർണ്ണമായിരുന്നു. അതിനാൽ ചരിത്രത്തിൽ പിൽക്കാലത്ത് വന്ന പ്രവാചകന്മാരെക്കുറിച്ച് പോലും സമകാലിക രേഖകളിൽ നിന്ന് അപൂർവ്വമായ സൂചനകളെ ലഭിച്ചിരുന്നുള്ളു. ഉദാഹരണത്തിന്, രണ്ടായിരം വർഷങ്ങൾ മുമ്പാണ് യേശുക്രിസ്തു ലോകത്ത് വന്നത്. എന്നാൽ, യേശുവിന്റെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ചെ അറിയാൻ കഴിയുന്നുള്ളു. ഒരു പാശ്ചാത്യ പണ്ഡിതൻ അഭിപ്രായപ്പെടുന്നു: "ചരിത്രപരമായി നോക്കുമ്പോൾ, യേശു ജീവിച്ചിരുന്നോ എന്നതുതന്നെ സംശയകരമാണ്."

വിശ്വാസ്യയോഗ്യമായ പ്രമാണങ്ങളുടെ കുറവുമൂലം എല്ലാ പൂർവ്വ വേദങ്ങളുടെയും ചരിത്രപരമായ വിശ്വാസ്യത നഷ്ടപ്പെടുകയാണുണ്ടായത്. യുക്തിപരമായ മാനദണ്ഡങ്ങളനുസരിച്ച് ചരിത്രപരമായ സംഭവങ്ങൾക്കപ്പുറം ഒരുകൂട്ടം സിദ്ധാന്തങ്ങളുടെ സ്ഥാനം മാത്രമെ ഇതര മതങ്ങൾക്ക് അവകാശപ്പെടാനാകൂ. ചരിത്ര വസ്തുതയെന്ന നിലയിലല്ല, വിശ്വാസ്യ കാര്യമെന്ന നിലയിൽ മാത്രമെ ഒരാൾക്ക് അതിൽ വിശ്വസിക്കാനാവൂ. എന്നാൽ, അക്കാര്യത്തിൽ ഇസ്ലാമിന്റെ സ്ഥാനം തികച്ചും വ്യത്യസ്തമാണ്. ഇസ്ലാമിന്റെ പ്രവാചകൻ മുഹമ്മദുനബി(സ) ചരിത്രത്തിന്റെ സമ്പൂർണ്ണ വെളിച്ചത്തിലാണ് ജനിച്ചതെന്ന് ലോകത്തെ എല്ലാ വ്യഖ്യാത ചരിത്രകാരന്മാരും അംഗീകരിച്ചിട്ടുണ്ട്. പ്രവാചകന്റെ ജീവിതത്തിലെ പ്രവർത്തികളും വാക്കുകളും എല്ലാം അനല്പമായ വിവരണത്തോടെ ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നു.

ദൈവത്തിന്റെ അന്തിമ വചനമായ ഖുർ,ആൻ പ്രവാചകന് അവതരിപ്പിച്ചുകൊടുത്ത രീതിയിൽത്തന്നെ ഇന്നും സംരക്ഷിതമാണ്. ഖുർ,ആനിന്റെ രേഖാപരമായ മൗലികതയും പവിത്രതയും താരതമ്യം ചെയ്യാനോ ചോദ്യം ചെയ്യാനോ സാധ്യമല്ല. ചരിത്രപരമായ സ്ഥിരീകരണത്തിന്റെയും നിരൂപണങ്ങളുടെയും കണിശമായ മാനദണ്ഡങ്ങൾ ഇസ്ലാം മൊത്തത്തിൽ അതിജയിച്ചിട്ടുണ്ട്. അതിനാൽ, ഒരാൾ ഇസ്ലാം വരിക്കുമ്പോൾ ഒരു വിശ്വാസ കാര്യം തെരഞ്ഞെടുക്കുന്നുവെന്നതിനോടൊപ്പം ചരിത്ര വസ്തുത അംഗീകരിക്കുകയുമാണ് ചെയ്യുന്നത്.

അതിനാൽ, ഒരു സത്യാന്വേഷിയെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുക്കാനുള്ള വലിയ മേഖലയൊന്നുമില്ലെന്ന് നമുക്ക് ഉറപ്പിച്ചുപറയാൻ കഴിയും. അവന് ഒന്നേ തെരഞ്ഞെടുക്കേണ്ടതുള്ളൂ.

അതാണ് ഇസ്‌ലാം, യഥാർത്ഥ ചരിത്ര വിശ്വാസ്യതയുള്ള ഏക മതം.

ഉദാഹരണത്തിന്, അബ്രഹാമും മോശയും ദൈവദൂതന്മാരാണെന്നാണ് നമ്മുടെ വിശ്വാസം. അബ്രഹാം ജനിച്ചത് ഇറാഖിലും മോശെ ഈജിപ്തിലും. എന്നാൽ ആ രാജ്യങ്ങളിലെ ചരിത്ര പുസ്തകങ്ങളിലൊന്നും ആ മഹാ പ്രവാചകന്മാരെക്കുറിച്ച് ഒരു പരാമർശ്ശവുമില്ല. ഇറാഖിന്റെ പ്രാചീന ചരിത്രത്തിൽ അബ്രഹാമിനെക്കുറിച്ചുള്ള സൂചനകളൊന്നും നമുക്ക് കാണാൻ കഴിയുന്നില്ല. അപ്രകാരം മോശയെക്കുറിച്ച് ഈജിപ്ഷ്യൻ ചരിത്രവും ഒന്നും പറയുന്നില്ല.

അതുപോല, യേശുവും പ്രവാചകനായിരുന്നുവെന്ന് ഖുർ, ആൻ സാക്ഷ്യപ്പെടുത്തുന്നു. ഗൗതമബുദ്ധനെയും അവിടത്തെ അനുയായികൾ പ്രവാചകനായാണ് കാണുന്നത്. എന്നാൽ, ഗൗതമ ബുദ്ധനോ യേശുക്രിസ്തുവോ ചരിത്രത്തിന്റെ കണിശമായ മാനദണ്ഡങ്ങളനുസരിച്ച് കടന്നുവരുന്നില്ല. ഉദാഹരണമായി, യേശുവിന്റെ ജീവിതത്തിലെ സുദീർഘമായ കാലം അജ്ഞാതമാണ്. അദ്ദേഹത്തിന്റെ മരണത്തിന് ശേഷം ഒരു നൂറ്റാണ്ടോളം പഴയ നിയമത്തിലെ കഥകളൊന്നുംതന്നെ വിരചിതമായിരുന്നില്ല. സിറിയൻ, ഗ്രീക്ക്, ഹിബ്രു എന്നീ മൂന്ന് ഭാഷകൾ യേശുവിന്റെ കാലത്ത് പ്രബലമായിരുന്നു. പക്ഷെ, യേശു ഏതുഭാഷയിലാണ് ജനങ്ങളിലേക്ക് സന്ദേശ വിനിമയം നടത്തിയതെന്ന് കൃത്യമായി മനസ്സിലാക്കാൻ നമുക്ക് യാതൊരു മാർഗ്ഗവുമില്ല.

ഗൗതമ ബുദ്ധന്റെ കാലത്ത് പാലി, സംസ്കൃതം എന്നീ ഭാഷകളാണ് നടപ്പിലുണ്ടായിരുന്നത്. അതേസമയം, അദ്ദേഹം ഏതു ഭാഷയാണ് സംസാരിച്ചതെന്നതിനെ സംബന്ധിച്ച് ചരിത്രപരമായ താതൊരു തെളിവുമില്ല. ഗൗതമ ബുദ്ധൻ സംസാരിച്ച യഥാർത്ഥ വാക്കുകൾ ചരിത്ര രേഖകളിലില്ല. ഗൗതമ ബുദ്ധൻ സംസാരിച്ചത് പാലീ ഭാഷയിലായിരുന്നുവെന്നതിന് തെളിവുണ്ടെന്ന് ചിലർ വാദിക്കാറുണ്ടെങ്കിലും ബുദ്ധമത പണ്ഡിതർ അക്കാര്യം അംഗീകരിക്കുന്നില്ല.

കാരണം, പ്രാചീന കാലത്ത്, അച്ചടിയുടെ കാലത്തിന് മുമ്പ് ചരിത്ര രചനകളെക്കുറിച്ചുള്ള സങ്കല്പം വളരെ പരിമിതമായിരുന്നു. അക്കാലത്ത് രാജാക്കന്മാരുടെയും സൈനിക തലവന്മാരു

ടെയും ചരിത്ര രേഖകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. യുദ്ധ വിജയ, പരാജയങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾക്കേ ചരിത്ര മൂല്യം കല്പിക്കപ്പെട്ടിരുന്നുള്ളു. മറ്റുള്ള സംഭവങ്ങളെല്ലാം പ്രതിപാദിക്കപ്പെടാതെ കിടന്നു. പ്രവാചകന്മാരും നവോത്ഥാന നായകരുമൊന്നും ഒരു രാഷ്ട്രീയ സ്വഭാവമുള്ള സംഭവങ്ങളുമായി ബന്ധപ്പെടാതിരുന്നതിനാൽ അനശ്വരമാക്കപ്പെടേണ്ട അവരുടെ ജീവിതത്തെ ചരിത്രകാരന്മാർ പരിഗണിച്ചില്ല.

ഇതര പ്രവാചകന്മാരുടെ കാര്യങ്ങളിൽ നിന്ന് തീർത്തും ഭിന്നമായിരുന്നു മുഹമ്മദുനബി(സ)യുടെ ജീവിതം. എല്ലാതരം രാഷ്ട്രീയ സംഭവങ്ങളിലും ഇടപെടേണ്ടിയിരുന്ന രീതിയിലായിരുന്നു പ്രവാചകന്റെ സാഹചര്യങ്ങൾ. അതിനാൽ, അന്നത്തെ രാഷ്ട്രീയ സാമൂഹിക ക്രമങ്ങളിൽ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയ വിപ്ലവങ്ങൾ സൃഷ്ടിക്കാൻ പ്രവാചകനും അനുചരന്മാർക്കും സാധിച്ചു. സ്വാഭാവികമായും സമകാലിക രേഖകളിൽ ഉല്ലേഖനം ചെയ്യപ്പെട്ട പ്രവാചക ജീവിതം അതുവഴി ചരിത്രത്തിന്റെ അനിവാര്യമായ ഭാഗമായിമാറി. അങ്ങനെ ചരിത്രപരമായ മാനദണ്ഡങ്ങളിൽ മുഹമ്മദുനബി(സ) പൂർണ്ണാർത്ഥത്തിൽ ഒരു ചരിത്ര പുരുഷനായിമാറുകയായിരുന്നു.

പ്രമാണ രേഖകളുടെ അഭാവമാണ് മറ്റ് മതങ്ങളുടെയും അതിന്റെ സ്ഥാപകരുടെയും വിശ്വാസ്യത നഷ്ടപ്പെടാൻ കാരണമായതെന്ന് കരുതുന്നു. ചരിത്രത്തിലുപരി കേവലം വിശ്വാസങ്ങളെക്കുറിച്ച് പഠിക്കുന്നതാണവയെന്ന് ആ മതങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായി അപഗ്രഥനം ചെയ്യുന്നവർക്ക് ബോധ്യപ്പെടും. കാരണം, ആ മതങ്ങളുമായും മത ഗ്രന്ഥങ്ങളുമായും അധ്യാപനങ്ങളുമായും ബന്ധപ്പെട്ട വ്യക്തിത്വങ്ങൾ ശാസ്ത്രീയമായും ചരിത്രപരമായും അവലംബയോഗ്യമല്ലാത്ത വിധമാണ് അവതരിപ്പിക്കപ്പെടുന്നത്.

Encyclopedia of Hinduism എന്ന ശീർഷകത്തിൽ പ്രസിദ്ധീകൃതമായ ഒരു ഹിന്ദുമത വിജ്ഞാന കോശത്തെക്കുറിച്ച് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടത്, Encyclopedia of Hindu mythology എന്നായിരുന്നു. എല്ലാ മതങ്ങളുടെയും കാര്യം അതുതന്നെയാണ്. ശാസ്ത്രീയവും ചരിത്രപരവുമായ അർത്ഥത്തിൽ ഇസ്‌ലാമൊഴികെയുള്ള എല്ലാ വിശ്വാസങ്ങളെയും മതങ്ങൾ എന്നതിലു

പരി ഐതിഹ്യങ്ങൾ എന്ന് വർഗ്ഗീകരിക്കാവുന്നതാണ്.

പ്രാചീന ആൽക്കെമിയുടെയും ആധുനിക രസതന്ത്രത്തിന്റെയും ചർച്ചാ വിഷയം ഒന്നുതന്നെയാണ്. എങ്കിലും രണ്ടിനുമിടയിലുള്ള അടിസ്ഥാനപരമായ വ്യത്യാസം നമുക്കറിയാം. ആൽക്കെമിയുടെ അടിസ്ഥാനം തെളിവില്ലാത്ത കേവലം ഊഹങ്ങൾ മാത്രമാണെങ്കിൽ കണിശമായ ശാസ്ത്രീയ രീതികളിലൂടെ തെളിയിക്കപ്പെട്ട വസ്തുതകളാണ് ആധുനിക രസതന്ത്രത്തിന്റെ അടിത്തറ. ആ വ്യത്യാസം തന്നെയാണ് ഇസ്‌ലാമിനും ഇതര മതങ്ങൾക്കുമിടയിൽ കാണാനാവുക. ഇസ്‌ലാം ആധുനിക രസതന്ത്രം പോലെയാണെങ്കിൽ രണ്ടാമത്തേത് പ്രാചീന ആൽക്കെമി പോലെയും.

ആർക്കും അവഗണിക്കാൻ സാധിക്കാത്ത വിധം വളരെ പ്രത്യക്ഷമായൊരു വ്യത്യാസമാണത്. മതങ്ങളുടെ താരതമ്യ പഠനം ആത്മാർത്ഥമായി നടത്തുന്ന ഒരാൾക്ക് തീർച്ചയായും അത് കണ്ടെത്താനാകും. അതിനാൽ, വിശ്വാസയോഗ്യമായ ചരിത്രത്തിന്റെ അടിത്തറയുള്ള ഒരു മതം അന്വേഷിക്കുന്നവർക്ക് മുന്നിൽ സ്വീകരിക്കാനുള്ളത് ഇസ്‌ലാം മാത്രമാകും.

# ഇസ്ലാം: ലഘു പരിചയം

**എ**ന്താണ് ഇസ്ലാം? വിശാലമായൊരു വിഷയമാണത്. ഖുർ,ആനിന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ ഇസ്ലാമിന്റെ അടിസ്ഥാന വശങ്ങളെക്കുറിച്ച് നമുക്ക് ലഘുവായൊരു വിവരണം ഇവിടെ നല്കാം.

## സന്മാർഗ്ഗ ദർശ്ശനം

**സ**ന്മാർഗ്ഗത്തിലേക്കാണ് ഖുർ,ആൻ നമ്മെ നയിക്കുന്നത്. അതുമായി ബന്ധപ്പെട്ട ഒരു ഖുർ,ആൻ ഭാഗം നമുക്ക് ഉദ്ധരിക്കാം: "അല്ലാഹു, അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശ, ഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ്ശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നതല്ലാതെ അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാര പീഠം ആകാശ, ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നു. അവയുടെ സംരക്ഷണം അവന് ഭാരമുണ്ടാക്കുന്നില്ല. അവൻ ഉന്നതനും മഹാനുമത്രെ. മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേയില്ല. സന്മാർഗ്ഗവും ദുർമ്മാർഗ്ഗവും വ്യക്തമായിക്കഴിഞ്ഞു. ആകയാൽ, ഏതൊരാൾ ദുർമ്മൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത്

ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയില്ല. അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. വിശ്വസിച്ച വരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടു കളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ, സത്യ നിഷേധികളുടെ രക്ഷാധികാരികൾ ദുർമ്മൂർത്തികളാകുന്നു. വെളി ച്ചത്തിൽ നിന്ന് ഇരുട്ടിലേക്കാണ് ആ ശക്തികൾ അവരെ നയിക്കു ന്നത്. അവരാണ് നരകാവകാശികൾ. അവരതിൽ നിത്യവാസിക ളാകുന്നു." (2: 255 - 257).

ഇനി ഉപരി സൂചിത ഖുർ,ആൻ ഭാഗത്തെ അതിന്റെ തനി രൂ പത്തിൽത്തന്നെ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം. ഇസ്‌ലാം ബോധ്യത്തോടെ സ്വീകരിക്കുകയും അക്ഷരം പ്രതി പ്രായോഗിക വത്കരിക്കുകയും ചെയ്യുമ്പോൾ ഏതുരീതിയിലുള്ള വ്യക്തിയും സമൂഹവും ലോകവുമാണ് യഥാക്രമം രൂപപ്പെട്ടുവരികയെന്നതിനെ സംബന്ധിച്ച ധാരണയുണ്ടാവും.

## 1. വ്യക്തി

**ഈ** പ്രപഞ്ചത്തിന്റെ മതം ഇസ്‌ലാമാണ്. ഖുർ,ആൻ പറ യുന്നു: "അപ്പോൾ അല്ലാഹുവിന്റെ മതമല്ലാതെ മറ്റുവല്ല മതവു മാണോ അവർ ആഗ്രഹിക്കുന്നത്? ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബ്ബന്ധിതമായോ അവന് കീഴ്പെട്ടിരിക്കുകയാണ്." (3: 83).

ദൈവത്തോടുള്ള സമർപ്പണമാണ് മനുഷ്യന്റെയും പ്രപഞ്ച ത്തിന്റെയും ഏക യഥാർത്ഥ മതമെന്നർത്ഥം. അല്ലാഹുവിന്റെ കല്പ നകൾ അക്ഷരം പ്രതി അനുസരിക്കുന്നവരാണ് ഭൂമിയിലും ആകാ ശത്തുമുള്ള സർവ്വ വസ്തുക്കളും. നക്ഷത്രങ്ങളുടെ ചലനവും ജല ത്തിന്റെ പ്രവാഹവും സസ്യവൃക്ഷങ്ങളുടെ വളർച്ചയും തുടങ്ങി എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ നിശ്ചയമാണ്. ദൈവിക മാർഗ്ഗ ത്തിൽ നിന്ന് വ്യതിചലിക്കാൻ ഒന്നിനും അനുവാദമില്ല. ഖുർ,ആൻ പറയുന്നു: "സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പക ലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ ഭ്രമണ പഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു." (36: 40).

എല്ലാ മനുഷ്യർക്കും അത് ആവശ്യമാണ്. അല്ലാഹുവിന്റെ കല്പനകൾ വ്യതിചലനമോ രൂപഭേദമോ കൂടാതെ അംഗീകരിക്കു കയെന്നത് എല്ലാവരുടെയും കടമയാണ്. മുഹമ്മദുനബി(സ)

പ്രഖ്യാപിക്കുകയുണ്ടായി: “ഒരു വിശ്വാസി തന്റെ വിശ്വാസത്തിൽ, കയറിൽ ബന്ധിക്കപ്പെട്ട കുതിരയെപ്പോലെയാണ്. കയറിന്റെ നീളത്തിനനുസരിച്ചേ ആ കുതിരക്ക് ചലിക്കാൻ സാധിക്കൂ. വിശ്വാസിയുടെ കാര്യവും അപ്രകാരമാണ്. അവന്റെ വാക്കുകളും പ്രവർത്തനങ്ങളുമെല്ലാം തന്റെ വിശ്വാസത്തിന്റെ പരിധികൾ കൊണ്ട് ബന്ധിക്കപ്പെട്ടതാണ്.” (മിശ്കാത്തുൽ മസ്വാബീഹ്, 2/1226).

സർവ്വ ശക്തനായ അല്ലാഹു കല്പിച്ച കാര്യങ്ങളും നിരോധനങ്ങളും അംഗീകരിച്ചുകൊണ്ട് ഉദാത്തമായ ചിട്ടകളോടെ ജീവിതം നയിക്കുന്നവനാണ് യഥാർത്ഥ മുസ്ലീം. പൂർണ്ണമായും നിഷ്കളങ്കമാകും അവന്റെ സംസാരം. അവന്റെ തീരുമാനങ്ങളും ചിന്തകളും വരെ ദൈവേച്ഛക്ക് കീഴ്പെടുത്തുന്നവനാണവൻ. തന്റെ യജമാനനായ അല്ലാഹുവിന്റെ ദാസനെന്ന ബോധം അവന് എപ്പോഴുമുണ്ടായിരിക്കും. ഒരു യഥാർത്ഥ മുസ്ലീമിനെ ഖുർ,ആൻ വരച്ചു കാണിക്കുന്നു: “പരമ കാരുണികന്റെ ദാസന്മാർ ഭൂമിയിൽക്കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നല്കുന്നവരുമാകുന്നു. തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ. ‘ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരക ശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു.’ എന്ന് പറയുന്നവരുമാകുന്നു അവർ. ചെലവുചെയ്യുകയാണെങ്കിൽ അമിത വ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗ്ഗം സ്വീകരിക്കുന്നവരുമാകുന്നു അവർ. അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചുപ്രാർത്ഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുകതന്നെ ചെയ്യും. ഉയിർത്തെഴുന്നേല്പിന്റെ നാളിൽ അവന് ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും. പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സത്കർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ

പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു. വല്ലവനും പശ്ചാത്തപിക്കുകയും സത്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹുവിങ്കലേക്ക് ശരിയായ നിലയിൽ മടങ്ങുകയാണ് അവൻ ചെയ്യുന്നത്. വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും അനാവശ്യ വൃത്തികൾ നടക്കുന്നിടത്തുകൂടെ പോകുകയാണെങ്കിൽ മാന്യന്മാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ. തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേനെ ഉദ്ബോധനം നല്കപ്പെട്ടാൽ ബധിരന്മാരും അന്ധന്മാരുമായിക്കൊണ്ട് അതിന്മേൽ ചാടി വീഴാത്തവരുമാകുന്നു അവർ. 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺക്കുളിർമ്മ നല്കുകയും, ധർമ്മിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ' എന്ന് പറയുന്നവരുമാകുന്നു അവർ. അത്തരക്കാർക്ക് തങ്ങൾ ക്ഷമിച്ചതിന്റെ പേരിൽ ഉന്നതമായ സ്ഥാനം പ്രതിഫലമായി നല്കപ്പെടുന്നതാണ്. അഭിവാദ്യത്തോടെയും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. എത്ര നല്ല താവളവും പാർപ്പിടവും. നബിയേ, പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നല്കാനാണ്? എന്നാൽ, നിങ്ങൾ നിഷേധിച്ചുതള്ളിയിരിക്കുകയാണ്. അതിൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും." (25: 63 – 77)

## 2. സമൂഹം

**ഇ**സ്ലാമിലെ സമൂഹത്തിന്റെ അടിത്തറ പരസ്പരമുള്ള അഭ്യുദയകാംക്ഷയിലാണ്. സൂറ അൽ അസറിലൂടെ ഖുർ,ആൻ പറയുന്നു: "കാലം സത്യം. തീർച്ചയായും മനുഷ്യർ കനത്ത നഷ്ടത്തിൽത്തന്നെ. സത്യവിശ്വാസികളും സത്കർമ്മികളും സത്യോപദേശകരും സഹനോപദേശകരുമൊഴികെ."

ഒരു സമൂഹത്തിൽ മുസ്ലീം എങ്ങനെ ജീവിക്കണം? ഒരു ഹദീസ് അതിന്റെ ഉത്തരം നല്കുന്നുണ്ട്: "നിങ്ങളിലാരെങ്കിലും സമൂഹത്തിൽ വല്ല തിന്മയും കണ്ടാൽ അത് കൈകൊണ്ട് തടയട്ടെ. അതിന് കഴിയില്ലെങ്കിൽ നാവുകൊണ്ട് തടയട്ടെ. അതിന് ധൈര്യമില്ലെങ്കിൽ മനസ്സുകൊണ്ട് അതിനെ വെറുക്കുകയെങ്കിലും ചെയ്യട്ടെ." (ബുഖാരി).

അത്തരം മൂല്യങ്ങളിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ സ്വാഭാവികമായും പരസ്പര ബോധത്തിന്റെ ഫലമായി നന്മ വളരുകയും തിന്മയുടെ വേരുകൾ വരണ്ടുപോവുകയും ചെയ്യും. ആ സമൂഹത്തിൽ സത്യം പരസ്യമായി പ്രബോധനം ചെയ്യപ്പെടുകയും കടമകൊണ്ട് കല്പിക്കപ്പെടുകയും ചെയ്യുമ്പോൾ, സമാധാനപരമായ അന്തരീക്ഷം പ്രബലമായിത്തീരുന്നു. വ്യക്തികളുടെയും സാമൂഹിക വ്യവസ്ഥയുടെയും ആരോഗ്യ പൂർണ്ണമായ വളർച്ചക്കും വികാസത്തിനും അത് അനിവാര്യമാണ്. അത്തരം സമാധാന പൂർണ്ണമായൊരു സാമൂഹിക ക്രമത്തിലേ വ്യക്തികളുടെ അവകാശങ്ങളും സാമൂഹിക സൗഹാർദ്ദവും ഉറപ്പുവരുത്താനാകൂ. സാഹോദര്യം, സഹകരണം, പരോപകാരം തുടങ്ങിയ ഉന്നതമായ മൂല്യങ്ങൾ ആത്മാർത്ഥമായി നിലനിർത്താനാകൂ. പൊതുജനങ്ങളുടെ ക്ഷേമവും പുരോഗതിയും അഭിവൃദ്ധിയും വിജയകരമായ രീതിയിൽ സാക്ഷാത്കരിക്കപ്പെടൂ.

ചുരുക്കത്തിൽ ഇസ്‌ലാമികാദർശ്ശങ്ങൾ ബോധപൂർവ്വം പ്രായോഗികമാക്കാൻ അനുയായികൾ ശ്രമിക്കുമ്പോൾ കൂടുതൽ ഭദ്രവും സംഘർഷ മുക്തവുമായ, പുരോഗതിയും സഹകരണ ഭാവവും നിറഞ്ഞ, നന്മ കല്പിക്കുകയും തിന്മ പ്രതിരോധിക്കുകയും ചെയ്യുന്ന ഒരു സമൂഹമിവിടെ ആവിർഭവിക്കുന്നു.

### 3. രാഷ്ട്രം

എന്താണ് ഒരു രാഷ്ട്രം? ഒരു ഭരണകൂടത്തിന്റെ കീഴിലുള്ള ഒരു സംഘടിത രാഷ്ട്രീയ സമൂഹമാണത്. രാഷ്ട്രത്തിന് പ്രത്യേകമായൊരു രൂപമോ ഘടനയോ ഇസ്‌ലാം നിർദ്ദേശിക്കുന്നില്ല. എന്നാലും ഇസ്‌ലാമികാധ്യാപനങ്ങളിൽ സർവ്വതും ഉൾക്കൊള്ളുന്നു എന്നതിനാൽ രാഷ്ട്രവും അതുമായി ബന്ധപ്പെട്ട ദേശീയ, അന്തർദ്ദേശീയ പ്രശ്നങ്ങളുമുൾപ്പെടെ ജീവിതത്തിലെ അനിവാര്യമായ സർവ്വ വിഷയങ്ങളെയും അത് കൈകാര്യം ചെയ്യുന്നുണ്ട്.

എന്താണ് ഇസ്‌ലാം രാഷ്ട്രം? മുസ്‌ലീങ്ങൾ ഭരിക്കുന്നത് എന്നതുകൊണ്ട് ഒരു രാഷ്ട്രം ഇസ്‌ലാമിക രാഷ്ട്രമാകുന്നില്ല. ഏക ദൈവ വിശ്വാസാധിഷ്ഠിതമായ ദാർശ്ശനികാടിത്തറ മാറ്റിനിർത്തിയാൽ, ഇസ്‌ലാമിക രാഷ്ട്രം പ്രയോഗത്തിൽ തിരിച്ചറിയപ്പെടുന്നത് ബലപ്രയോഗമില്ലാത്ത അവസ്ഥയെന്ന തത്വം കൊണ്ടാണ്. അധികാരം ലഭിക്കുന്നതിന് മുമ്പോ ശേഷമോ ബലം പ്രയോഗിക്കാൻ

പാടില്ല. കാരണം, ഏതെങ്കിലും മേഖലയിൽ, വിശിഷ്യാ മത മേഖലയിൽ ബലപ്രയോഗത്തിലൂടെ നേടിയതോ ബലപ്രയോഗത്തിന് വേണ്ടി ഉപയോഗിക്കുന്നതോ ആയ അധികാരം ഇസ്ലാം കർശ്ശനമായി വിരോധിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. മുസ്ലീം സ്വേച്ഛാധിപതികൾ ഭരിക്കുന്ന രാഷ്ട്രങ്ങളിലെ ബലപ്രയോഗ ഭരണ രീതികളെ മാതൃകാ ഇസ്ലാമിക രാഷ്ട്രങ്ങളായി ഇസ്ലാമിക പണ്ഡിതർ പരിഗണിക്കാത്തത് അക്കാരണത്താലാണ്. മാത്രമല്ല, ഒരു സ്ഥാപിത ഭരണകൂടത്തിനെതിരെ, അത് ഇസ്ലാമികമല്ലെങ്കിലും, വിപ്ലവം നടത്താനും ഇസ്ലാം അനുയായികളെ അനുവദിക്കുന്നില്ല. ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള ബലപ്രയോഗങ്ങളെ പ്രതി ബലപ്രയോഗങ്ങളുകൊണ്ട് ഒരിക്കലും പ്രതിരോധിക്കാൻ പാടില്ല. പരസ്പര കൂടിയാലോചന വഴിയാണ് അതിനെ ചെറുക്കേണ്ടത്. ഇസ്ലാമിക മൂല്യങ്ങളുടെ പുരോഗതിക്ക് സഹായകമാവുന്ന വിധം നിയമ വാഴ്ചയുടെ സുസ്ഥിരത ഉറപ്പുവരുത്താൻ അത് സഹായിക്കും. അതുവഴി അനുക്രമണാ യഥാർത്ഥ ഇസ്ലാമിക രാഷ്ട്രം നിലവിൽ വരാനുള്ള ഉറച്ച അടിത്തറ തയ്യാറാക്കിക്കൊടുക്കുകയും ചെയ്യും.

ചില മുസ്ലീങ്ങൾ തെറ്റിദ്ധരിച്ചതുപോലെ, ഒരു ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കുകയെന്നത് ഇസ്ലാമിന്റെ അടിസ്ഥാന ലക്ഷ്യമല്ല.

ചുരുക്കത്തിൽ, അല്ലാഹുവിനെ പരമ സത്യമായി ഒരാൾ കണ്ടെത്തുമ്പോഴാണ് ഇസ്ലാം ആരംഭിക്കുന്നത്. പുതിയ ചിന്തയിലേക്കും പുതിയ വികാരങ്ങളിലേക്കും പ്രധാനമായി പുതിയ വ്യക്തിയുടെ ആവിർഭാവത്തിലേക്കും നയിക്കുന്ന ആത്മീയ പരിവർത്തനമാണ് ഫലത്തിൽ സംഭവിക്കുന്നത്. പൂർവ്വ കാലങ്ങളിൽ നിന്ന് പൂർണ്ണമായും വ്യത്യസ്തനായൊരു മനുഷ്യൻ ജനിക്കുകയാണവിടെ. ആത്മീയതയുടെയും കരുണയുടെയും പ്രശാന്ത ചിന്തയുടെയും ഒരു സംയുക്തമായിത്തീരുകയാണവൻ. ബൗദ്ധികവും ആത്മീയവുമായ ഒരു വിപ്ലവം പോലെയാണത്. അവന്റെ ബാഹ്യ ചേഷ്ടകളിലും ആരാധന, സ്വഭാവ ഗുണങ്ങൾ, സാമൂഹിക ബന്ധങ്ങൾ തുടങ്ങിയവയിലുമെല്ലാം ആധുനികമായ ആ പരിവർത്തനത്തിന്റെ പ്രകടനം കാണാനാവും. അത്തരമൊരു മനുഷ്യനെ നിർമ്മിക്കുകയെന്നതാണ് ഇസ്ലാമിന്റെ പ്രധാന ലക്ഷ്യം. ഇസ്ലാമിന്റെ മറ്റെല്ലാ സമീപനങ്ങളും മനുഷ്യൻ സമൂഹത്തിൽ ജീവിക്കുന്നുവെന്ന

വസ്തുതയെ ആശ്രയിച്ചാണ്. സമൂഹത്തിൽ അത്തരം വ്യക്തികൾ വർദ്ധിക്കുന്തോറും സാമൂഹിക തലത്തിൽ സംഭവിക്കുന്ന മാറ്റങ്ങളും വർദ്ധിക്കുന്നു. ഇസ്ലാമിലെ സാമൂഹിക വ്യവസ്ഥയിലേക്കാണ് ആ പ്രക്രിയ വഴിതെളിക്കുക.

സാഹചര്യങ്ങൾ അനുകൂലമാകുന്നതുവരെ വ്യക്തികൾക്കും സമൂഹത്തിനുമിടയിലെ ആ വിപ്ലവം വികസിച്ചുകൊണ്ടിരിക്കും. ഇസ്ലാമിക രാഷ്ട്രം എന്ന അവസ്ഥയിലാണ് അത് പരിപൂർണ്ണത പ്രാപിക്കുക. ആ പ്രക്രിയ ഖുർ,ആനിൽ അവതരിപ്പിക്കുന്നു: "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നല്കിയതുപോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നല്കുകയും അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നല്കുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നല്കുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കണം അവർ ആരാധിക്കേണ്ടത് (24: 55).

ഒരു പുന്തോട്ടത്തിൽ യഥാർത്ഥ അസ്തിത്വമുള്ളത് വൃക്ഷത്തിനാണ്. അനേകം വൃക്ഷങ്ങളുടെ സംഘടിത പ്രകാശനമാണ് പൂന്തോട്ടം. മനുഷ്യന്റെ കാര്യത്തിലും അത് സത്യമാണ്. ഇസ്ലാമിക വീക്ഷണത്തിൽ ഇസ്ലാമെന്ന ശരീരത്തിന്റെ യഥാർത്ഥ ഭാഗം വ്യക്തിയാണ്. സമൂഹവും രാഷ്ട്രവും അനുബന്ധ ഭാഗം മാത്രമാണ്.

ഉപരി സൂചിത ആത്മീയ പരിവർത്തനം അനുഭവിക്കുന്ന വ്യക്തിയെ റബ്ബാനി എന്നാണ് ഖുർ,ആൻ വിളിക്കുന്നത്. റബ്ബാനികളായ അത്തരം വ്യക്തികൾ ഗണനീയമായി വർദ്ധിക്കുമ്പോൾ അവിടെ ഇസ്ലാമിക സമൂഹമെന്ന പൂന്തോട്ടവും ഇസ്ലാമിക രാഷ്ട്രവും സ്വയമേവ നിലവിൽ വരും.

*



മൗലാനാ

വഹീദുദ്ദീൻ ഖാൻ

# ദൈവ സങ്കല്പം

പ്രപഞ്ചത്തിന്റെ അസ്തിത്വംതന്നെ ദൈവത്തിന്റെ അസ്തിത്വത്തിന് തെളിവാണ്. മനുഷ്യന്റെ അസ്തിത്വവും ദൈവത്തിന്റെ അസ്തിത്വത്തിന് തെളിവാണ്. അതിനാൽ, മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കുന്നു. കാരണം, ദൈവത്തിൽ വിശ്വസിക്കാൻ ബാധ്യസ്ഥനാണവൻ. അവന്റെ ആന്തരിക പ്രകൃതി ദൈവത്തെക്കുറിച്ച് സംസാരിക്കുന്നു. അതിനാൽ, നിഷ്പക്ഷമതികൾക്ക് ദൈവത്തിൽ വിശ്വസിക്കാൻ പലപ്പോഴും ദൈവാസ്തികത്വക്കുറിച്ചുള്ള ലളിതമായൊരു ബോധ്യം മാത്രം മതി.

Goodword Books Kerala

Price: Rs. 40

CamScanner